എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ നടപടി

77 [2967] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം ക്ളാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പു പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പു തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്ന കുട്ടികളുടെ എണ്ണം ഓരോ വിഭാഗത്തിലും എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) അഞ്ചും ആറും വർഷങ്ങൾക്കു മുമ്പ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് നാളിതുവരെയായും സ്കോളർഷിപ്പു തുക ലഭ്യമായിട്ടില്ല എന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-1-1999-ലെ എൻ 1/82824/98-ാം നമ്പർ ഉത്തരവു പ്രകാരം 1998 മാർച്ചിലെ എൽ. എസ്. എസ്. സ്കോളർഷിപ്പു പരീക്ഷയിൽ ഉന്നതവിജയം നേടിയ കണ്ണൂർ ജില്ലയിലെ മാടായി എ. ഇ. ഒ.-യുടെ കീഴിലുള്ള കുഞ്ഞിമംഗലം ഗവ. എൽ. പി. സ്കൂളിലെ എം. ജിജിയുടെ സ്കോളർഷിപ്പ് തുക ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ഇ) സമർത്ഥരായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾക്കുള്ള അലോട്ട്മെന്റ് അതതു വിദ്യാഭ്യാസ വർഷം തന്നെ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഇപ്പോൾ നൽകി വരുന്ന എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പു തുക വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ. എസ്. എസ്. വിഭാഗത്തിന് പ്രതിവർഷം 100 രൂപയും യു. എസ്. എസ്. വിഭാഗത്തിന് പ്രതിവർഷം 150 രൂപയും സ്കോളർഷിപ്പു തുക അനുവദിക്കുന്നു.

(ബി) എൽ. എസ്. എസ്. വിഭാഗത്തിൽ 4180 കുട്ടികളെയും യു. എസ്. എസ്. വിഭാഗത്തിൽ 4762 കുട്ടികളെയും തെരഞ്ഞെടുക്കുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കണ്ണൂർ ജില്ലയിലെ മാടായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള കുഞ്ഞിമംഗലം ഗവ. എൽ. പി. സ്കൂളിലെ എം. ജിജി എന്ന കുട്ടിയുടെ സ്കോളർഷിപ്പ് തുക 12-1-2005-ൽ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) അലോട്ട്മെന്റ് ഇപ്പോൾ അതത് വർഷം തന്നെ നൽകുന്നുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

സ്കൂൾ യുവജനോൽസവ വേദിയിൽ നിലവിളക്ക് നിരോധനം

78 [2968] ശ്രീ. വർക്കല കഹാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവ വേദിയിൽ തീയും ആയുധങ്ങളും നിരോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നിലവിളക്ക് കത്തിച്ചുവച്ച് തിരുവാതിര, കഥകളി മുതലായ പരിപാടികൾ അവതരിപ്പിക്കുന്നത് തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) നിലവിളക്കിന്റെ തീയിൽ നിന്ന് യുവജനോത്സവത്തിൽ അപകടമുണ്ടായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ടായിട്ടില്ല.

അദ്ധ്യാപകർക്ക് പരിസ്ഥിതി പഠനത്തിൽ പരിശീലനം

79 [2969] ശ്രീ. വി. ഡി. സതീശൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, വർക്കല കഹാർ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 വിദ്യാലയ വർഷത്തിൽ അദ്ധ്യാപകർക്ക് പരിസ്ഥിതി പഠനത്തിൽ പരിശീലനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly